# ഔഷധമില്ലാത്ത കുറിപ്പടി

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, ***D.Sc., Ph.D.***]

തീൻമേശയിലെ നീലപ്പാത്രത്തിൽ
തലതിരിഞ്ഞിരിക്കുന്ന
മുള്ളും കത്തിയും
സ്ഫൂണിൽനിന്നും വേർതിരിക്കുന്ന
സാദ്ധ്യതാക്കണക്കിന്റെ കൂട്ടുപെരുക്കത്തിൽ
അന്ധമായ് ചലിക്കുന്ന കൈവിരൽ
തടവിയെത്തുന്ന രക്താഭയുള്ള ചുണ്ടുകൾ.
നീരുതുടയ്ക്കാതെ തുടുത്ത ബാഷ്പം
അടരാതെ ആർദ്രമായ പഞ്ചാരിയിൽ
തലയാട്ടുന്ന മറുവാക്കിന്റെ കാതോരം.
തൊലിപ്പുറം തലോടുന്ന  മസൃണിതയിൽ
ഓർമ്മ ശക്തികോർക്കുന്ന വജ്രാക്ഷരത്തിന്റെ
മയങ്ങുന്ന ഭൌതികവാദതന്ത്രം ഏറ്റുപാടൽ.

കണ്ണിലെ തീപ്പൊരി വസന്തവും
കർണ്ണത്തിലെ രോമാഞ്ചിത മിനുപ്പും,
നെഞ്ചകവും തൊലിപ്പുറവും
കൂർത്തുത്രസിക്കുന്ന മുല്ലമൊട്ടും,
ചാർട്ടിലെ കൃത്യതയിൽ
നീണ്ടുനീളുന്ന ഇടുപ്പെല്ലിലെ
അക്കങ്ങളുടെ സ്ഥിതിവിവരക്കണക്കും,
മരുന്നും മാംസ്യവും മധുരവും
ശ്വാസമറിയാതെ ഉതിർന്നുവീഴുന്ന
ആശയങ്ങളുടെ അന്നജയറയിലെ

ദീപ്തരസസ്വനം വിജ്രംഭിക്കുന്ന
ഇരുശതം രജസ്വലയെല്ലുകളുടെ
ദേഹോജ്ജ്വല നിബിഡിതയും
തലയിൽക്കറങ്ങുന്ന ദാരണിയുടെ
സൌഹൃദത്തിന്റെ സുകൃതപ്രാശം.

ഒടുവിലെ ഡയറിക്കുറിപ്പിൽ
അനുബന്ധമായി ചേർത്തിരിക്കുന്ന
ഉരുക്കുമൂശയിലെ സംയോജനക്കുറിപ്പ്
*സ്പാം ഫോൾഡറിൽ* നഷ്ടപ്പെട്ട ഇഷ്ടമായി
*ഇൻബോക്സി*ലെ നക്ഷത്രച്ചിഹ്നത്തിൽ
അടയാളപ്പെടുത്താതെ മുഖം തിരിക്കുന്ന
കൌമാരപ്രണയംപോലെ അദൃശ്യമായം.
**********************************************************************